# കേരളത്തിലെ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പുസ്തകം വാങ്ങുന്നതു സംബന്ധിച്ച പ്രശ്നങ്ങൾ - പഠന റിപ്പോർട്ട്

ദിലീപ് ആർ.

Ref:- KSHEC-DO-A3/mtng-BKS-HEI/1994/2017-18 dated 21/12/2017

കേരളത്തിലെ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പുസ്തകം വാങ്ങുന്നതു സംബന്ധിച്ച പ്രശ്നങ്ങളെക്കുറിച്ച് ബന്ധപ്പെട്ട എല്ലാ വിഭാഗത്തിലും പെട്ടവരുമായി (അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ലൈബ്രേറിയന്മാർ, പുസ്തക വിൽപ്പനക്കാർ, പ്രസാധകർ, ഗവേഷകർ, നോൺ-ടീച്ചിങ് ഉദ്യോഗസ്ഥർ ) പ്രാതിനിധ്യസ്വഭാവത്തിൽ ആശയ വിനിമയങ്ങൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ തിരിച്ചറിഞ്ഞ പ്രശ്നങ്ങളും പരിഹാരനിർദേശങ്ങളും താഴെ കൊടുക്കുന്നു.

കേരളത്തിലെ കോളേജുകളിലേയും യുണിവേഴ്സിറ്റികളിലേയും ലൈബ്രറികളിലെ പുസ്തകംവാങ്ങലും ഉപയോഗവും പരിശോധിക്കുമ്പോൾ കാണുന്ന ഒരുകാര്യം ഏതാണ്ടെല്ലാ ലൈബ്രറികളുംതന്നെ ഉപയോഗിക്കപ്പെടാത്ത അവസ്ഥയിലും അതാതു വിഷയങ്ങളിലെ ഏറ്റവും പുതിയതും നല്ലതുമായ പുസ്തകങ്ങൾ ഇല്ലാത്ത നിലയിലും ആണെന്നതാണ്. വായനയിൽനിന്ന് അതിൽ താല്പര്യമുള്ളവരെ അകറ്റുന്നതിന്റെ ഒരു കാരണം ലൈബ്രറികളുടെ നിലവാരത്തകർച്ചതന്നെയാണ്. ഇക്കാര്യത്തിൽ "വായനയിലുള്ള താൽപര്യക്കുറവ്" തുടങ്ങിയ സാമാന്യ വിശദീകരണങ്ങളിലേക്കു ചാടുംമുമ്പ് ഒരു പ്രാഥമിക പരിശോധന നടത്തിയാൽ ചില കാര്യങ്ങൾ കാണാൻപറ്റും.

ക) ഇവിടെയൊക്കെയുള്ള പുസ്തകങ്ങളിൽ മുക്കാൽ പങ്കും നാലാം കിട തട്ടിക്കൂട്ട് പുസ്തകങ്ങളാണ്. അതായത് ഇത്തരം ലൈബ്രറികളെ ഉദ്ദേശിച്ചു ഡൽഹി കേന്ദ്രീകരിച്ച് ഏതു വിഷയത്തിലും കെട്ടിലും മട്ടിലും തരക്കേടില്ലാത്ത പുസ്തകങ്ങൾ വലിയ വിലയിട്ടു പ്രസിദ്ധപ്പെടുത്തുന്നുണ്ട്. അവയും കാലപ്പഴക്കംമൂലം അന്താരാഷ്ട്ര മാർക്കറ്റിൽ തൂക്കി വിൽക്കുന്ന പുസ്തകങ്ങളുമാണ് നമ്മുടെ ലൈബ്രറികളിൽ വലിയ കിഴിവോടെ നിയമാനുസരണം ക്വട്ടേഷൻ വിളിച്ചു ഏറിയ പങ്കും വാങ്ങിക്കൂട്ടുന്നത്.

ഖ) ആവശ്യമുള്ള പുസ്തകങ്ങൾ ആവശ്യമുള്ള സമയത്ത് വാങ്ങാൻ അക്കാദമികസമൂഹത്തെ അനുവദിക്കുന്ന ഒരു പുസ്തകംവാങ്ങൽ പ്രക്രിയയല്ല നിലവിലുള്ളത്. പലപ്പോഴും പുസ്തകമിറങ്ങി വർഷങ്ങൾ കഴിഞ്ഞാണ് നമ്മുടെ സ്ഥാപനങ്ങളിൽ പുസ്തകം എത്തുവാനുള്ള സാദ്ധ്യത നിലവിലുള്ളത്.

ഗ) മിക്കവാറും സ്ഥാപനങ്ങളിൽ ഇന്നിപ്പോൾ പുസ്തകംകൊടുക്കുന്നത് നാട്ടിൽ പേരെടുത്ത വിപണിയിലെ പ്രധാനപ്പെട്ട പുസ്തകവിൽപ്പനക്കാരല്ല. നല്ല നിലയിൽ നിയമാനുസൃതകച്ചവടം നടത്തുന്ന ഒരു ഷോപ്പിനും ഈ പറയുന്നരീതിയിൽ അധിക ഡിസ്കൗണ്ട് കൊടുത്തു നിലനിൽക്കുക സാദ്ധ്യമല്ല. അതിനാൽ അവരൊക്കെ പൂർണമായും പിൻവാങ്ങുകയും വെറും 'ലെറ്റർ ഹെഡ് ' പുസ്തകവിൽപ്പനക്കാർ അരങ്ങു കീഴടക്കുകയുംചെയ്യുന്ന സ്ഥിതിയാണ്. അവർ വലിയ കിഴിവും മറ്റു സൗകര്യങ്ങളും ഏർപ്പാടാക്കിക്കൊടുക്കും. ഓഡിറ്റേഴ്സ് നോക്കുമ്പോൾ എല്ലാം നിയമാനുസൃതം. ഈ ബാലിശമായ സ്ഥിതി മാറണം.

ഇതിന്റെ പശ്ചാത്തലം സൂക്ഷ്മമായി പരിശോധിച്ചപ്പോൾ മനസ്സിലായ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ കോളേജ് -സർവകലാശാലാ ലൈബ്രറികളിൽ അക്കാദമികമായ വികാസം സാദ്ധ്യമാവുന്ന ഘടന കൊണ്ടുവരാൻ താഴെപ്പറയുന്ന നിർദേശങ്ങളാണ് വെക്കാനുള്ളത്. ഓരോ നിർദേശത്തിന്റെയും പശ്ചാത്തലവും നീതീകരണവും ഒപ്പം കൊടുക്കുന്നു:

## 1) പുസ്തകംവാങ്ങൽ അടിയന്തിരമായി സ്റ്റോർ പർച്ചേസ് മാനുവലിൽനിന്ന് (Kerala State Purchase Manual) എടുത്തുമാറ്റുക.

കാരണങ്ങൾ

ക ) വില മുൻകൂർ നിശ്ചയിക്കാത്ത (fixed rate ഇല്ലാത്ത) ഉല്പന്നങ്ങൾക്കാണ് ടെൻഡർ വിളിക്കുന്നത്. ഫർണിച്ചറിനൊന്നും നിശ്ചിതമായ വിലയല്ല ഉള്ളത്. ഫ്ലെക്സിബിൾ ആണ്. പുസ്തകങ്ങൾ (printed books) അങ്ങനെയല്ല. അവയ്ക്ക് വില ലോകതലത്തിൽത്തന്നെ നിശ്ചിതമാണ്. ഉത്പാദകർ വില

പ്രിന്റ് ചെയ്യുന്നുണ്ട്. ഇടയ്ക്ക് കൂട്ടാൻ പറ്റില്ല. ഇന്ത്യയിൽ സ്പെഷൽ പ്രൈസുള്ള പുസ്തകങ്ങൾക്ക് ആ വിലയും നിശ്ചിതമാണ്. അതിനാൽ പുസ്തകം സ്റ്റോർ പർച്ചേസ് മാനുവലിൽ ഉൾപ്പെടേണ്ട കാര്യമില്ല. കേന്ദ്ര ഗവണ്മെന്റ് സ്ഥാപനങ്ങളിൽ (കേന്ദ്ര സർവകലാശാലകളിലടക്കം) പുസ്തകം സ്റ്റോർ പർച്ചേസിലല്ല ഉൾപ്പെടുത്തിയിട്ടുള്ളത്. CDS, ശ്രീചിത്ര, വി എസ് എസ് .സി, ഐ.എം.ജി, എയ്സർ തുടങ്ങി പ്രശസ്തമായ ലൈബ്രറികളിലെല്ലാം അതുതന്നെയാണ് സ്ഥിതി.

ഖ) പുസ്തകങ്ങൾക്ക് ടെൻഡർ വിളിക്കുന്നതിൽ ഇപ്പോൾ കാണുന്ന ഒരുകാര്യം അന്താരാഷ്ട്ര പ്രസാധകർ നൽകുന്ന മാർക്കറ്റ് ഡിസ്കൗണ്ടിനേക്കാൾ വളരെ കൂടുതലാണ് വിൽപ്പനക്കാർ കോളേജുകളിലും യൂണിവേഴ്സിറ്റികളിലും ക്വോട്ട് ചെയ്യുന്നതെന്നതാണ്. ഇതിനർത്ഥം അത്തരം പ്രസാധകരുടെ പുസ്തകങ്ങൾ ഇവിടെ വാങ്ങുക അസാദ്ധ്യമാണെന്നുതന്നെ. പകരം കയറിക്കൂടുന്നത് നിലവാരം കുറഞ്ഞ പുസ്തകങ്ങളും remaindered പുസ്തകങ്ങളുമാണ്. ധാർമികമായി ബിസിനസ് ചെയ്യുന്ന അംഗീകൃത വില്പനക്കാർക്ക് പിന്മാറാൻമാത്രമേ ഈ സാഹചര്യത്തിൽ കഴിയുകയുള്ളൂ. ഫലത്തിൽ ഒരു 'പുസ്തക മാഫിയ' കോടിക്കണക്കിനു പൊതുഫണ്ട് ചോർത്തിക്കൊണ്ടുപോകുന്ന സ്ഥിതിയാണ് ഈ മേഖലയിൽ നിലനിൽക്കുന്നത്.

## 2) പുസ്തകംവാങ്ങൽ വാർഷിക 'മുട്ടുശാന്തി' പരിപാടിയാക്കാതെ തുടർപ്രക്രിയയാക്കുക.

കാരണം

മേൽസൂചിപ്പിച്ച കാരണങ്ങളാൽ, അദ്ധ്യാപകർക്കും ഗവേഷകർക്കും വിദ്യാർത്ഥികൾക്കും, ആവശ്യമുള്ള പുസ്തകങ്ങൾ ആവശ്യമുള്ള സമയത്ത് വാങ്ങാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. ഏതാണ്ടെല്ലാ സ്ഥാപനങ്ങളിലും അവസാനനിമിഷത്തിലെ ബൾക്ക് പർച്ചേസാണ് നടക്കുന്നത്. ഈ ഘട്ടത്തിൽ പുസ്തകങ്ങളുടെ ഉപയോഗ്യതയോ നിലവാരമോ അല്ല മുഖ്യ പരിഗണന. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പുസ്തകം നിർദേശിക്കാനുള്ള ഫോം സ്ഥാപനത്തിന്റെ വെബ്സൈറ്റിൽത്തന്നെ കൊടുക്കുകയും ഈ പ്രക്രിയ വർഷംമുഴുവൻ നീണ്ടുനിൽക്കുന്നതാക്കി മാറ്റുകയും വേണം. പുസ്തകംവാങ്ങുന്നതിന് മേൽനോട്ടം വഹിക്കാൻ ലൈബ്രേറിയൻ കൺവീനറായി പഠനവകുപ്പ് പ്രതിനിധികളും വിദ്യാർത്ഥിപ്രതിനിധികളും ഉൾപ്പെടുന്ന കമ്മിറ്റികൾ രൂപീകരിക്കണം. ഒരു വ്യക്തിയിൽ എല്ലാ അധികാരവും കേന്ദ്രീകരിക്കുന്ന വ്യവസ്ഥ ഒരു കാരണവശാലും ഉണ്ടാവരുത്. അക്കാദമികസമൂഹത്തിന് ഇതിൽ നേരിട്ട് പങ്കുണ്ടാവണം.

## 3) ഡിസ്കൗണ്ട് ഇംഗ്ലിഷ് 15 %, മറ്റു ഭാഷകൾ 20 % എന്ന് ഏകീകരിച്ച് നിശ്ചയിക്കുക. കുത്തക ഒഴിവാക്കുക

കാരണം

ഏതു വില്പനക്കാരിൽനിന്നും ആവശ്യമുള്ള പുസ്തകങ്ങൾ വേണ്ടസമയത്ത് വാങ്ങിക്കുവാൻ ഇത് അവസരമുണ്ടാക്കും. നന്നായി വികസിപ്പിക്കപ്പെടുന്ന ലൈബ്രറികളിൽ ഇത്തരം സംവിധാനമാണ് നിലവിലുള്ളത്.

## 4) യുണിവേഴ്സിറ്റികളിലും കോളേജുകളിലും യു.ജി.സി. മാനദണ്ഡമനുസരിച്ചുള്ള ലൈബ്രേറിയന്മാരെ ഉടൻ നിയമിക്കുക.

കാരണം

കേരളത്തിലെ ഒരു യുണിവേഴ്സിറ്റിയിലും ഇപ്പോൾ ലൈബ്രേറിയൻ ഇല്ല. 51 ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിൽ 12 കോളേജുകളിലാണ് യു.ജി.സി. നിഷ്കർഷിക്കുന്ന ലൈബ്രേറിയൻ പോസ്റ്റുള്ളത് . അതിൽ തലശ്ശേരി ഗവണ്മെന്റ് ബ്രണ്ണൻ കോളേജിലും പാലക്കാട് വിക്ടോറിയ കോളേജിലും എറണാകുളം മഹാരാജാസ് കോളേജിലുമടക്കം കുറെ വർഷങ്ങളായി ലൈബ്രേറിയനെ നിയമിച്ചിട്ടില്ല. ലൈബ്രേറിയൻ ഇല്ലാതെതന്നെ കോടികൾ ചെലവിട്ടു കെട്ടിടംപണിയുന്ന സ്ഥിതിയാണുള്ളത് . ആറുമാസംവെച്ച് താൽക്കാലികമായി ഗ്രെയ്ഡ് ഫോർ ലൈബ്രേറിയന്മാരെ നിയമിക്കുകയാണ് ഇവിടെ നടക്കുന്നത്. ലൈബ്രേറിയന്മാരില്ലാതെ നിലവാരമുള്ള ലൈബ്രറികൾ ഉണ്ടാക്കുക അസാദ്ധ്യമാണ്.

5. ഹയർ എജ്യുക്കേഷൻ കൗൺസിൽ മുൻകയ്യെടുത്ത് അദ്ധ്യാപകർക്കും ഗവേഷകർക്കും വിദ്യാർത്ഥികൾക്കും ലൈബ്രേറിയന്മാർക്കും ലൈബ്രറി വികസിപ്പിക്കുന്ന പ്രക്രിയ യെ സംബന്ധിച്ച് വ്യക്തമായ ധാരണ വരുത്തുന്നതിനായി പരിശീലനം നൽകുക.

വാസ്തവത്തിൽ സർക്കാർ മുൻകയ്യെടുത്ത് നിലവിലുള്ള വ്യവസ്ഥ പരിഷ്കരിക്കുകയും അക്കാദമികസമൂഹം ഉണർന്നു പ്രവർത്തിക്കുകയും ചെയ്താൽ പരിഹരിക്കാവുന്ന പ്രശ്നങ്ങളെ ഈ മേഖലയിലുള്ളൂ. വളരെ ലളിതമായി പറഞ്ഞാൽ, ഒരു നിലവാരമുള്ള ലൈബ്രറി ഉണ്ടാക്കാൻ താഴെപ്പറയുന്ന കാര്യങ്ങളാണ് വേണ്ടത്.

1) ലൈബ്രറിയിൽ ഇല്ലാത്തതും ആവശ്യമുള്ളതുമായ പുതിയ പുസ്തകങ്ങൾ വാങ്ങാൻ നിർദേശം നല്കണം.

2) അംഗീകൃത ഡിസ്കൗണ്ടോടുകൂടി അവ സുഗമമായി വാങ്ങാനുള്ള സാഹചര്യമുണ്ടാവണം.

ഈ രണ്ടു കാര്യങ്ങളിൽ ഇന്ന് കേരളത്തിലെ അക്കാദമിക സ്ഥാപനങ്ങളിലുള്ള തടസ്സങ്ങളും അതുകൊണ്ട് നിലനിൽക്കുന്ന അഴിമതികളും കണക്കിലെടുത്ത് ഉടൻതന്നെ മേൽപ്പറഞ്ഞ നിർദേശങ്ങൾ നടപ്പാക്കാൻ വേണ്ട മുൻകൈ കൗൺസിൽ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ലൈബ്രറി എന്ന അടിസ്ഥാനസൗകര്യത്തിന്റെ പ്രാധാന്യം പുനഃസ്ഥാപിക്കാൻ ഇവ അനിവാര്യമായ മുന്നുപാധികളാണ്. അതിന്റെയൊപ്പം അക്കാദമിക സമൂഹത്തിൽ ഇതു സംബന്ധിച്ച ഉണർവുകൂടിയുണ്ടായാൽ തീർച്ചയായും ഉന്നത വിദ്യാഭ്യാസമേഖലയിൽ അവഗണിക്കപ്പെട്ടു കിടക്കുന്ന ഈ അവശ്യഘടകം സുപ്രധാനമായ പങ്കുവഹിക്കാൻ പ്രാപ്തികൈവരിക്കുമെന്നതിൽ സംശയമില്ല.